[ശ്രീ. രാഘവൻ പൊഴക്കടവിൽ
,, തച്ചടി പ്രഭാകരൻ :
,, കെ. കെ. തോമസ് :
,, കെ. മുഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര പോലീസ് സ്റ്റേഷനുകളുണ്ട് ;

(ബി) അതിൽ 1982 മുതൽ നിലവിൽ വന്നതെത്ര ;

(സി) ആകെയുള്ള പോലീസ് സ്റ്റേഷനുകളിൽ ഗവൺമെന്റ് വക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്റ്റേഷനുകൾ എത്ര ;

(ഡി) പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതു സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള മാനദണ്ഡമെന്താണ് ?

ഉത്തരം

(എ) 365.

(ബി) 38.

(സി) 259.

(ഡി) സ്ഥലത്തെ ക്രമസമാധാനനില തൊട്ടടുത്തുള്ള പോലീസ് സ്റ്റേഷനിൽ നിന്നുള്ള ദൂരം, പൊതുജനാവശ്യം ഇവ മുൻനിർത്തിയാണ് പുതിയ പോലീസ് സ്റ്റേഷനുകൾ അനുവദിക്കുന്നത്.

സ്വന്തമായി കെട്ടിടമില്ലാത്ത പോലീസ് സ്റ്റേഷനുകൾ

188. [259] ശ്രീ. കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വന്തമായി കെട്ടിടമില്ലാത്ത എത്ര പോലീസ് സ്റ്റേഷനുകൾ സംസ്ഥാനത്തുണ്ട് ;

(ബി) ഈ സ്റ്റേഷനുകൾ ഏതെല്ലാമാണ് ;

(സി) എന്നത്തേക്ക് ഈ സ്റ്റേഷനുകൾക്ക് സ്വന്തമായി കെട്ടിടമുണ്ടാക്കാൻ സാധിക്കും ?

ഉത്തരം

(എ) 106 സ്റ്റേഷനുകൾ.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) 1990-ൽ.

സ്ത്രീകൾക്കെതിരായി ആക്രമണം

189. [260] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1986-ൽ ജനുവരി 1-ന് കൊച്ചിയിൽ സ്ത്രീകൾക്കെതിരായി ആക്രമണം നടത്തിയ സംഭവത്തെക്കുറിച്ച് ഗവൺമെന്റ് അന്വേഷണം നടത്തിയിരുന്നോ ;

(ബി) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട ആരെയെങ്കിലും അറസ്റ്റുചെയ്തിരുന്നുവോ ;

(സി) ഉണ്ടെങ്കിൽ ആരെയെല്ലാം ?

LIBRARY ARCHIVES Kerala Legislative Assembly